# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 21.03.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പാർലമെൻറിൽ വിവിധ മന്ത്രാലയങ്ങളുടെ ധനാഭ്യർത്ഥയിൻമേലുള്ള ചർച്ച നടന്നു. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

   Parliament witnessed discussion on the Demands for Grants of various ministries. Both houses adjourned for the day.

2. ഭീകരവാദത്തോട് വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് കേന്ദ്ര സർക്കാരിനുള്ളതെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. ജമ്മു കശ്മീരിൽ ഭീകരവാദം മൂലമുള്ള മരണം 70 ശതമാനം കുറഞ്ഞതായും കേന്ദ്രമന്ത്രി രാജ്യസഭയിൽ.

   Home Minister Amit Shah today highlighted that the government has zero tolerance policy towards terrorism. He pointed out in Rajya Sabha that there has been a 70 percent reduction in deaths due to terrorism in Jammu and Kashmir.

3. രാജ്യത്ത് കൽക്കരി ഉത്പാദനം 100 കോടി ടൺ കടന്നതിനെ പ്രശംസിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഊർജ്ജ സുരക്ഷ, സാമ്പത്തിക വളർച്ച, എന്നിവിയിൽ രാജ്യത്തിന്റെ പ്രതിബദ്ധതയുടെ തെളിവാണിതെന്നും നരേന്ദ്ര മോദി.

   Prime Minister Narendra Modi today hailed the milestone of India crossing one billion tonnes of coal production. PM Modi called it a remarkable achievement and said it highlights India's commitment to energy security, economic growth and self-reliance.

4. ആശാവർക്കർമാരുടെ സമരത്തിൽ കേരള നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്. ആശാവർക്കർമാരുടെ നിരഹാര സമരം മൂന്നാം ദിവസത്തിലേക്ക്.

The opposition walked out from Kerala Assembly today over the ASHA workers' strike. ASHA workers' hunger strike enters third day.

5. ഐ പി എൽ 18-ാം സീസണിന് നാളെ തുടക്കം. ഉദ്ഘാടന മത്സരം കൊൽക്കത്ത നൈറ്റ് റൈഡേഴ്സും, റോയൽ ചാലഞ്ചേഴ്സ് ബെംഗളൂരുവും തമ്മിൽ.

IPL 18th season to begin tomorrow. The opening match will be between Kolkata Knight Riders and Royal Challengers Bangalore.

******************

## PRESIDENT -AIMS

ആരോഗ്യ സംരക്ഷണം, മെഡിക്കൽ വിദ്യാഭ്യാസം, ജീവ ശാസ്ത്ര ഗവേഷണം എന്നിവയിൽ മികവ് പുലർത്തുന്ന സ്ഥാപനമാണ് എയിംസ് എന്ന് രാഷ്ട്രപതി ദ്രൌപതി മുർമു. ന്യൂഡൽഹി എയിംസിൻറെ 49-ാമത് ബിരുദ ദാനച്ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. 69 വർഷത്തെ കാലയളവിൽ അനേകം മികച്ച മെഡിക്കൽ വിദഗ്ധരെ വാർത്തെടുക്കാൻ എയിംസിന് സാധിച്ചിട്ടുണ്ടെന്നും ശ്രീമതി മുർമു പറഞ്ഞു.

******************

## PM - COAL PRODUCTION

രാജ്യത്ത് കൽക്കരി ഉത്പാദനം 100 കോടി ടൺ കടന്നതിനെ പ്രശംസിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഊർജ്ജ സുരക്ഷ, സാമ്പത്തിക വളർച്ച, സ്വയം പര്യാപ്തത എന്നിവിയിൽ രാജ്യത്തിന്റെ പ്രതിബദ്ധതയുടെ തെളിവാണ് ഈ നേട്ടമെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ കഠിനാധ്വാനം, ആത്മസമർപ്പണം എന്നിവയുടെ പ്രതിഫലനമാണിതെന്നും പ്രധാനമന്ത്രി പറഞ്ഞു.

******************

## PARLIAMENT

പാർലമെൻറിൽ വിവിധ മന്ത്രാലയങ്ങളുടെ ധനാഭ്യർത്ഥയിൻമേലുള്ള ചർച്ച ഇന്ന് നടന്നു. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ജൽശക്തി മന്ത്രാലയത്തിൻറെ ധനാഭ്യർത്ഥനകൾ ലോക്സഭ പാസാക്കി. രാജ്യസഭയിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയവുമായി ബന്ധപ്പെട്ട ചർച്ചകളാണ് നടന്നത്. അമേരിക്കയിൽ നിന്ന് ഇന്ത്യക്കാരെ വിലങ്ങു വച്ച് നാട്ടിലേക്ക് തിരികെ അയച്ച നടപടിയിൽ പാർലമെൻറ് ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.

******************

## AMITSHA RS (INTRO)

ഭീകരവാദത്തോട് വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് കേന്ദ്ര സർക്കാരിനുള്ളതെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. ജമ്മു കശ്മീരിൽ ഭീകരവാദം മൂലമുള്ള മരണം 70 ശതമാനം കുറഞ്ഞതായി അദ്ദേഹം രാജ്യസഭയിൽ അറിയിച്ചു. ഭീകരവാദം, ഇടതുപക്ഷ തീവ്രവാദം, വടക്കുകിഴക്കൻ മേഖലയിലെ കലാപം എന്നിവയാണ് രാജ്യം നേരിടുന്ന പ്രധാന ആഭ്യന്തര പ്രതിസന്ധികളെന്നും ശ്രീ ഷാ പറഞ്ഞു.

(Hold Voice)

******************

## LS - JAL SHAKTI

ജൽ ജീവൻ മിഷനു കീഴിൽ രാജ്യത്തെ 15.52 കോടിയിലധികം ഗ്രാമീണ കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കാൻ സാധിച്ചതായി കേന്ദ്രമന്ത്രി സി ആർ പാട്ടീൽ. ലോക്സഭയിൽ ചോദ്യോത്തരവേളയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ജല സാമ്പിളുകൾ പരിശോധിക്കാൻ അഞ്ച് ലക്ഷം ഗ്രാമങ്ങളിൽ നിന്നുള്ള 25 ലക്ഷം സ്ത്രീകൾക്ക് പരിശീലനം നൽകിയിട്ടുണ്ടെന്നും കേന്ദ്രമന്ത്രി അറിയിച്ചു.

******************

## SHIVRAJ - AGRICULTURE (INTRO)

കർഷകരുടെ ക്ഷേമത്തിനാണ് സർക്കാർ പ്രഥമ പരിഗണ നൽകുന്നതെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൌഹാൻ. കർഷകരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ കേന്ദ്ര സർക്കാർ തയ്യാറാണെന്നും അദ്ദേഹം പാർലമെന്റിന് പുറത്ത് മാധ്യമങ്ങളോട് പറഞ്ഞു.

(HOLD VOICE)

******************

## LS - TB FREE NATION (INTRO)

2025 ൽ ക്ഷയരോഗമുക്ത രാജ്യമായി ഇന്ത്യയെ മാറ്റുന്നതിനുള്ള ശ്രമങ്ങൾ പുരോഗമിക്കുകയാണെന്ന് കേന്ദ്ര സഹമന്ത്രി അനുപ്രിയ പട്ടേൽ. രാജ്യത്തെ ക്ഷയരോഗ നിരക്ക് 17.7 ശതമാനമായും ക്ഷയരോഗം മൂലമുള്ള മരണം 21 ശതമാനവും കുറഞ്ഞതായി അവർ ലോക്സഭയിൽ ചോദ്യോത്തരവേളയിൽ മറുപടി പറഞ്ഞു. 347 ജില്ലകളിൽ 100 ദിവസത്തെ ക്ഷയരോഗ നിർമാർജന കാമ്പയിൻ ആരംഭിച്ചിട്ടുണ്ടെന്നും ശ്രീമതി അനുപ്രിയ പട്ടേൽ അറിയിച്ചു.

(വോയിസ്)

******************

## BIOTECHNOLOGY REPORT

ബഹിരാകാശ, ബയോടെക്നോളജി മേഖലകളിലെ ശ്രദ്ധേയമായ പുരോഗതിയുടെ പേരിലാണ് ഇന്ത്യ ആഗോളതലത്തിൽ അംഗീകരിക്കപ്പെടുന്നതെന്ന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ്. ബയോടെക്നോളജി വ്യവസായ ഗവേഷണ അസിസ്റ്റൻസ് ഉപദേശക കൗൺസിലിൻറെ 13-ാമത് സ്ഥാപക ദിന പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയിലെ 10,000 ബയോ ടെക്നോളജി സ്റ്റാർട്ടപ്പുകളിലൂടെ ഏകദേശം 165 ബില്യൺ ഡോളറാണ് ഈ മേഖലയിലേക്ക് എത്തുന്നതെന്നും ശ്രീ ജിതേന്ദ്ര സിംഗ് പറഞ്ഞു.

******************

## Bank strike postponed

ഈ മാസം 24, 25 തീയതികളിൽ നടത്താനിരുന്ന ബാങ്ക് സമരം മാറ്റിവച്ചു. ഇന്ന് നടന്ന അനുരഞ്ജന ചർച്ചയിലാണ് തീരുമാനം. ഐ.ബി.എ, ഡി.എഫ്.എസ് സംഘടനകളുടെ പ്രതിനിധികൾ ചർച്ചയിൽ പങ്കെടുത്തു.

## TN-MEETING

ലോക്സഭാ മണ്ഡല പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് തമിഴ്നാട് മുഖ്യമന്ത്രി എം.കെ സ്റ്റാലിൻറെ നേതൃത്വത്തിൽ ആദ്യ യോഗം നാളെ ചെന്നൈയിൽ ചേരും. കേരളം, ആന്ധ്രാപ്രദേശ്, കർണാടക, തെലങ്കാന, ഒഡീഷ, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കും.

******************

## Mahamandaleshwar-Swami

മഹാകുംഭമേളയിൽ മഹാമണ്ഡലേശ്വരായി അഭിഷിക്തനായ സ്വാമി ആനന്ദവനം ഭാരതി മഹാരാജിനെ തിരുവനന്തപുരത്തെ പൗരാവലിയുടെ നേതൃത്വത്തിൽ ആദരിച്ചു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുതിർന്ന സന്യാസി ശ്രേഷ്ഠൻമാർ തുടങ്ങിയവർ പങ്കെടുത്തു. ഭാരതത്തിലെ ഏറ്റവും പ്രാചീനവും വലുതുമായ നാഗ സന്ന്യാസി സമൂഹമായ ശ്രീ പംച് ദശനാം ജൂനാ അഖാഡയുടെ മഹാ മണ്ഡലേശ്വറായി സ്വാമി ആനന്ദവനം ഭാരതിയെ പ്രയാഗ്‌രാജ് കുംഭമേളയിൽ വെച്ചാണ് അഭിഷേകം ചെയ്തത്.

******************

## KERALA ASSEMBLY

ആശാ വർക്കർമാരുടെ സമരത്തിൽ കേരള നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്. സമരത്തിൽ സർക്കാർ നിഷേധാത്മക സമീപനം പുലർത്തുന്നുവെന്ന് പ്രതിപക്ഷം ആരോപിച്ചു. സബ് മിഷനിലൂടെയാണ് വിഷയം പ്രതിപക്ഷ നേതാവ് വി ഡി സതീശൻ സഭയിൽ ഉന്നയിച്ചത്. സമരത്തോട് സർക്കാരിന് അനുഭാവ പൂർണമായ സമീപനമാണ് ഉള്ളതെന്ന് മന്ത്രി എം ബി രാജേഷ്

മറുപടി നൽകി. മന്ത്രിയുടെ മറുപടിയിൽ തൃപ്തരാകാത്ത പ്രതിപക്ഷം ഇറങ്ങി പോകുകയായിരുന്നു. അതെസമയം, ആശമാരുടെ നിരാഹാര സമരം മൂന്നാം ദിവസത്തിലേക്ക് കടന്നു.

******************

## IPL

ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റിൻറെ 18-ാ‌ാം സീസണിന് നാളെ തുടക്കം. കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സും, റോയൽ ചാലഞ്ചേഴ്സ് ബെംഗളൂരുവും തമ്മിലാണ് ഉദ്ഘാടന മത്സരം. രാത്രി 7.30 നാണ് മത്സരം.

******************

## MEA INDIA-TARIFF (INTRO)

ഇന്ത്യ-യുഎസ് ഉഭയകക്ഷി വ്യാപാര ചർച്ചകൾ പുരോഗമിക്കുന്നതായി വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ. വ്യാപാരം വിപുലീകരിക്കുക, വിപണി പ്രവേശം വർദ്ധിപ്പിക്കുക, എന്നിവയ്ക്കാണ് ഇരു രാജ്യങ്ങളും ഊന്നൽ നൽകുന്നതെന്നും അദ്ദേഹം ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു.
(വോയിസ്)

******************

## EARTH HOUR

വേൾഡ് വൈഡ് ഫണ്ട് ഫോർ നേച്ചർ ഇന്ത്യയുടെ നേതൃത്വത്തിൽ ഭൗമ മണിക്കൂർ നാളെ ആചരിക്കും. രാത്രി 8.30 മുതൽ 9.30 വരെ വീടുകളിലും സ്ഥാപനങ്ങളിലും അത്യാവശ്യമല്ലാത്ത വൈദ്യുത വിളക്കുകൾ അണച്ചായിരിക്കും ദിനാചരണം. എല്ലാ വർഷവും മാർച്ച് മാസത്തെ അവസാന ശനിയാഴ്ചയാണ് ഭൗമ മണിക്കൂർ ആചരിക്കുന്നത്.

******************

## PURPLE FEST-VIRENDRA KUMAR

സാമൂഹിക നീതി, ശാക്തീകരണ മന്ത്രാലയത്തിന് കീഴിലുള്ള ഭിന്ന ശേഷിക്കാരുടെ ശാക്തീകരണ വകുപ്പ് രാഷ്ട്രപതി ഭവനിൽ ഇന്ന് 'പർപ്പിൾ ഫെസ്റ്റ്' സംഘടിപ്പിച്ചു. ഉദ്ഘാടന

സമ്മേളനത്തിൽ കേന്ദ്രമന്ത്രി വീരേന്ദ്ര കുമാർ പങ്കെടുത്തു. എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു ലോകം സൃഷ്ടിക്കുക എന്നതാണ് ഫെസ്റ്റിവലിൻറെ ലക്ഷ്യം.

******************

## SENSEX+GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 557 പോയിൻറ് ഉയർന്ന് 76,906 ലും നിഫ്റ്റി 160 പോയിൻറ് നേട്ടത്തിൽ 23,350 ലും വ്യാപാരം അവസാനിപ്പിച്ചു.
സ്വർണ്ണ വില കുറഞ്ഞു. പവന് 320 രൂപ കുറഞ്ഞ് 66,160 രൂപയും ഗ്രാമിന് 8,270 രൂപയുമാണ് ഇന്നത്തെ വില.

******************

## FOREX RESERVES

ഇന്ത്യയുടെ വിദേശനാണ്യ കരുതൽ ശേഖരം 305 ദശലക്ഷം ഡോളർ ഉയർന്ന് 654.27 ബില്യൺ ഡോളറിലെത്തി. മാർച്ച് 14 ന് അവസാനിച്ച ആഴ്ചയിലെ കണക്കാണിത്. സ്വർണ്ണ ശേഖരം 66 ദശലക്ഷം ഡോളർ ഉയർന്ന് 74.39 ബില്യൺ ഡോളറിലെത്തി.

******************

## BJP MLA suspended

കർണാടക നിയമസഭയിൽ സ്പീക്കറോട് അപമര്യാദയായി പെരുമാറിയതിന് 18 ബി ജെ പി എം എൽ എമാരെ ആറ് മാസത്തേക്ക് സസ്പെൻഡ് ചെയ്തു. സർക്കാർ കരാറുകളിൽ മുസ്ലീം വിഭാഗത്തിന് നാല് ശതമാനം സംവരണം ഏർപ്പടുത്തിയതിന് ബജറ്റ് സമ്മേളനത്തിൻറെ അവസാന ദിവസം ബി ജെ പി എം എൽ എമാർ പ്രതിഷേധിക്കുകയായിരുന്നു. സ്പീക്കറുടെ ഇരിപ്പിടത്തിനരികെ എത്തിയ എം എൽ എമാർ കടലാസ് കഷ്ണങ്ങൾ അദ്ദേഹത്തിനേരെ എറിഞ്ഞു. ഇതെ തുടർന്നാണ് സസ്പെൻഷൻ.

******************

*************

****